# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഫെബ്രുവരി 08 ബുധൻ 2023

Volume: 3, Issue: 02

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## മത്സ്യകൃഷി പ്രതിസന്ധിയിൽ

*പി.വി.മേഘ*

അയ്യൻകുന്ന് : കേന്ദ്ര സർക്കാരിന്റെ പ്രധാൻമന്ത്രി മത്സ്യ സമ്പത്ത് യോജന (പി എം എം എസ് വൈ) പദ്ധതിയുടെ കീഴിൽ മത്സ്യ കൃഷിയിലേക്ക് ഇറങ്ങിയ വ്യക്തികളാണ് സി.കെ കാർത്തികേയൻ ഉൾപ്പടെ എട്ടുപേർ. എന്നാൽ വിപണിയിൽ ശുദ്ധജല മൽസ്യങ്ങളുടെ ആവശ്യകത മങ്ങിയതിനാൽ ഇവർ ഇപ്പോൾ വലിയ പ്രതിസന്ധി നേരിടുന്നു. അയ്യൻകുന്ന് പഞ്ചായത്ത് പതിമൂന്നാം വാർഡ് വാഴയിൽ അക്വാമെട്രിക് ഫിഷ് ഫാം എന്ന പേരിൽ സി.കെ കാർത്തികേയൻ ഉൾപ്പെടെയുള്ള എട്ടംഗ സംഘമാണ് മത്സ്യകൃഷി ചെയ്യുന്നത്.

ഇന്ത്യയിലെ മത്സ്യമേഖലയുടെ കേന്ദ്രീകൃതവും സുസ്ഥിരവുമായ വികസനത്തിനുള്ള പദ്ധതിയാണ് പ്രധാൻമന്ത്രി മത്സ്യ സമ്പത്ത് യോജന. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മത്സ്യമേഖലയ്ക്കായി നടപ്പിലാക്കുന്ന ഏറ്റവും വലിയ പദ്ധതിയാണിത്. പ്രധാനമന്ത്രിയുടെ ആത്മനിർഭർ ഭാരത് പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ മൂന്നു ലക്ഷം രൂപവരെയാണ് മത്സ്യതൊഴിലാളികൾക്ക് സബ്സീഡിയായി ലഭിക്കുന്നത്. മൽസ്യബന്ധന മേഖലയിൽ മാത്രം ലക്ഷകണക്കിന് തൊഴിലവസരം സൃഷ്ടിക്കുകയാണ് പി എം എം എസ് വൈയുടെ ലക്ഷ്യം.



*സി.കെ കാർത്തികേയൻ ഫിഷ് ഫാമിൽ*

കുടുംബശ്രീയിൽ നിന്ന് വന്നൊരു ആശയമാണ് മത്സ്യകൃഷിയിലേക്ക് ഇറങ്ങാൻ ഇവരെ പ്രേരിപ്പിച്ചത്. വിഷരഹിതമായ മത്സ്യം വീട്ടിൽ ഉണ്ടാക്കിയെടുക്കാം എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. കൊട്ടിയൂരിൽ നിന്നും മത്സ്യകൃഷിയിലേക്ക് ഇറങ്ങുന്നതിന് ആവശ്യമായ ക്ലാസ് എട്ടംഗങ്ങളിൽ ഒരാളായി എം എൻ മാത്യുവിന് ലഭിച്ചു. ഇത് മറ്റുള്ളവരി ലും മത്സ്യകൃഷിയെ കുറിച്ച് ഒരു അവബോധം ഉണ്ടാക്കിയെടുക്കാൻ പ്രയോജനപ്പെട്ടു. 2020 ലാണ് ഇവർ എട്ട്പേർ ചേർന്ന് ഈ സംരംഭം തുടങ്ങിവച്ചത്

മുപ്പതിനായിരം ലിറ്ററിന്റെ എട്ടു ടാങ്കുകളിൽ രോഹു, ഫിലോപ്പി, വാള എന്നീ മത്സ്യങ്ങളെയാണ് കൃഷി ചെയ്യുന്നത്. 2,80000 രൂപ സർക്കാരിൽ നിന്നും സബ്സീഡിയായി ലഭിച്ചുവെങ്കിലും ശുദ്ധജല മൽസ്യം വാങ്ങാൻ ആവശ്യക്കാർ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. വിപണിയിൽ ജനങ്ങൾക്ക് കടൽ മൽസ്യത്തോടാണ് പ്രിയം. അതിനാൽ തന്നെ ശുദ്ധജല മത്സ്യത്തിന്റെ വിലയിടിയുന്നു.

തുടക്കഘട്ടത്തിൽ വളരെ അധികം പ്രോത്സാഹനം അധികാരികൾ നൽകിയെങ്കിലും പ്രതിസന്ധിയിൽ അധികാരികളുടെ ഭാഗത്തു നിന്ന് പ്രത്യകഷ സഹായം ലഭ്യമല്ല.

മത്സ്യകൃഷി നഷ്ടമായതിനാൽ ഉപേക്ഷികാനൊരുങ്ങുകയാണ് സി.കെ കാർത്തികേയനെപ്പോലുള്ളവർ .'വലിയൊരു തുക മുടക്കിയാണ് മത്സ്യകൃഷി തുടങ്ങിയത് അതിനാൽ തന്നെ വലിയ നഷ്ടത്തിലാണ് മത്സ്യകർഷകർ കടന്നുപോകുന്നത്. . ഇനി മത്സ്യകൃഷിയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർ വീട്ടാവശ്യങ്ങക്കുമാത്രമായി കൃഷി ചെയ്താൽ മതി. ലാഭം പ്രതിക്ഷിച്ചു ഈ മേഖലയിലേക്ക് കാലെടുത്തു വയ്ക്കേണ്ടതില്ല' സി.കെ കാർത്തികേയൻ പറഞ്ഞു. പി.ജി റോയി, എൻ.എം മാത്യു, റ്റി.വി ബാബു, പൊടിമറ്റം ടോമി , പുതിയാൻ പുറം ബെന്നി, അശോക്, വേണു ഗോപാൽ എന്നിവരാണ് സി.കെ കാർത്തികേയന്റെ കൂടെ സംരംഭത്തിന് തുടക്കം കുറിച്ച ഏഴംഗങ്ങൾ . മത്സ്യകൃഷി നഷ്ടത്തിൽ ആയതിനെ തുടർന്ന് പ്രതിസന്ധി നേരിടുന്ന കർഷകർ സർക്കാറിന്റെ ഭാഗത്തു നിന്ന് അവർക്കനുകൂലമായ നടപടി ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ്.

## വെറ്റിനറി ഉപകേന്ദ്രം നിർമാണം വൈകുന്നു

*ജോയ്സ് മേരി ജോർജ്*

ആനപ്പന്തി: നിർമല സ്പോർട്സ് ക്ളബ് സംഭാവന ചെയ്ത സ്ഥലത്ത് നി ർമിക്കാൻ ഉദ്ദ്യേശിക്കുന്ന വെറ്റിനറി ഉപകേന്ദ്രത്തിന്റെ നിർമ്മാണം വൈകുന്നു. അനുവദിച്ച ആറുമാസം കഴിഞ്ഞിട്ടും പഞ്ചായത്ത് ഫണ്ടിന്റെ അഭാവം നിമിത്തം കെട്ടിടം നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയില്ല. മഴ പെയ്താൽ നിലം പതിക്കാവുന്ന അവസ്ഥയിലാണ് കെട്ടിടം ഇപ്പോഴുള്ളതെന്ന് പ്രദേശവാസികൾ പറഞ്ഞു.

പതിറ്റാണ്ടിലേറെയായി പ്രവർത്തന നിരതമായിരുന്ന നിർമല സ്പോർട്സ് ക്ലബ്ബ് സ്ഥാപക അംഗങ്ങളെല്ലാം സ്വന്തം ജീവിതവുമായി തിരക്കിലായതിനാലും സ്പോർട്സിനെ പ്രോത്സാഹിപ്പിക്കുന്ന നിരവധി സോഷ്യൽ നെറ്റ് വർക്ക് ആപ്പുകൾ ഉള്ളതിനാൽ സപോർട്സ് ക്ലബ്ബിൽ ചേരാൻ പൊതുജനങ്ങൾക്ക് താത്പ്പര്യമില്ലാത്തതിനാലും പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. കളരി പഠിപ്പിക്കാനുള്ള ക്ളാസ് മുറിയായി കെട്ടിടം ഉപയോഗിച്ചെങ്കിലും അതും പലവിധ കാരണങ്ങളാൽ നിർത്തലാക്കി. അയ്യൻകുന്ന് പഞ്ചായത്ത് അധികൃതരും ലൈവ്സ്റ്റോക് ഇൻസ്പെക്ടറുമായി നടത്തിയ ചർച്ചയിലാണ് സ്പോർട്സ് ക്ലബ്ബ് വെറ്റിനറി ഉപകേന്ദ്രമാക്കാൻ തീരുമാനിച്ചത്. എന്നാൽ ഇതുവരെ അതിന്റെ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

## ഡോൺ ബോസ്കോ കോളേജിൽ എം എസ് സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റ അനലിറ്റിക്സ്

*ജിസ്ന ഷിഫ*

അങ്ങാടിക്കടവ്: എം എസ് സി സ്റ്റാറ്റിസ്റ്റിക്സ് വിത് ഡേറ്റ അനലിറ്റിക്സ് കോഴ്സ് ലോഞ്ച് ചെയ്ത് അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളജ്. കണ്ണൂർ യൂണിവേഴ്സിറ്റി മുൻ പ്രൊവൈസ് ചാൻസലറും സർ സയ്ദ് കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മുൻ മേധാവിയുമായ ഡോ . എ പി കുട്ടികൃഷ്ണൻ കോഴ്സ് ലോഞ്ച് ചെയ്തു.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ആദ്യമായി വരുന്ന പ്രസ്തുത കോഴ്സിന് നിലവിൽ പന്ത്രണ്ട് സീറ്റ് ആണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ആർ പ്രോഗ്രാമിങ്,പൈതൺ പ്രോഗ്രാമിങ്, സാസ് പ്രോഗ്രാമിങ് എന്നീ കോർ കോഴ്സുകൾ ഉൾപ്പെടുത്തിയാണ് സിലബസ് ക്രമീകരിച്ചിരിക്കുന്നത്. ഡിപ്പാർട്ട്മെന്റ് അഡ്ജൻക്റ്റ് ഫാക്കൽറ്റി ഡോ. കുട്ടികൃഷ്ണൻ പ്രസ്തുത കോഴ്സിനെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും കോഴ്സ് സിലബസിനെക്കുറിച്ചും സംസാരിച്ചു.

“കണ്ണൂർ യൂണിവേഴ്സിറ്റിയിൽ തന്നെ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു ന്യൂ ജനറേഷൻ കോഴ്സ് കൊണ്ടുവന്നത് . അത് നമ്മുടെ കോളേജ് ആയ ഡോൺ ബോസ്കോ കോളേജിൽ തന്നെ ആരംഭിച്ചതിൽ വളരെ സന്തോഷമുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റ അനലിറ്റിക്സ് എന്നുള്ളത് ഒട്ടേറെ ജോലി സാധ്യതയുള്ള ഒരു മേഖലയാണ്. അതുകൊണ്ട് തന്നെ സിലബസ് ഫോർമുലേറ്റ് ചെയ്യാൻ ഒരുപാട് കാര്യങ്ങൾ റെഫർ ചെയ്തിട്ടുണ്ട്. പുറത്തുള്ള യൂണിവേഴ്സിറ്റികളും അവരുടെ കോഴ്സ് സ്ട്രക്ചറുകളും മാതൃകയാക്കിയിട്ടുണ്ട്. മാത്സ്, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നിങ്ങനെ മൂന്ന് വിഭാഗത്തിന്റെ കോമ്പിനേഷൻ ആണ് ഈ കോഴ്സ്. അതുകൊണ്ട് തന്നെ സ്കിൽഡ് ആയിട്ടുള്ള പോസ്റ്റ് ഗ്രാജ്വേറ്റ്സിനെ സൊസൈറ്റിക്ക് നൽകാൻ ഈ കോഴ്സ് സഹായിക്കുന്നു”- സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി സി വർഷ പറഞ്ഞു.




*കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ എ.പി കുട്ടികൃഷ്ണൻ തിരി തെളിക്കുന്നു.*

കോളേജ് മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി, കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി സി വർഷ, എം സി എ വിഭാഗം മേധാവി കെവിൻസൺ കുര്യൻ, കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ അനാമിക ഗൗരി ,സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസി. പ്രൊഫസർ ടി വി പ്രണവ് എന്നിവർ സംസാരിച്ചു .

എം എ ഇംഗ്ലീഷ്, എം എ മാസ്സ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, എം കോം ഫിനാ ൻസ്, എം എസ് ഡബ്ല്യൂ, എം എസ് സി മാത്തെമാറ്റിക് സ്, എം എസ് സി സൈക്കോളജി എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പുറമെയാണ് എം എസ് സി സാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റ അനലിറ്റിക്സ് ഡോൺബോസ്കോ കോളേജിൽ ആരംഭിച്ചിരിക്കുന്നത്

## പുസ്തക വിതരണവുമായി 1993 എസ് എസ് എൽ സി ബാച്ച്

*അക്ഷയ് തിലകൻ*



*പഞ്ചായത്ത് പ്രസിഡന്റ് കുരിയാച്ചൻ പൈമ്പള്ളിക്കുന്നേൽ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു*

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിൽ മുപ്പതാം പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറിയിലേക്ക് പുതിയ പുസ്തകങ്ങൾ സമാനിച്ച് സ്കൂളിലെ 1993 എസ് .എസ്.എൽ സി ബാച്ച്. സംഗമം അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. 1993 ഹൈസ്കൂൾ ബാച്ച് വിദ്യാർത്ഥിയും സ്കൂളിലെ പ്രധാന അധ്യാപകനുമായ ജോഷി തോമസ് സാറിന്റെ സാന്നിധ്യത്തിൽ പി ടി എ പ്രസിഡന്റ് സീമ സനോജ് സ്കൂൾ മാനേജർ ഫാദർ തോമസ് ആമ കാട്ടിന് പുസ്തകങ്ങൾ കൈമാറി.

അബ്ദുൽ കലാമിന്റെ അഗ്നിച്ചിറകുകൾ, ബെന്യാമിന്റെ ആട് ജീവിതം, അറേബ്യൻ നൈറ്റ്, കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ തുടങ്ങി 10000 രൂപയുടെ പുസ്തകങ്ങൾ ഹൈസ്കൂൾ വിഭാഗത്തിനും 5000 രൂപയുടെ പുസ്തകങ്ങൾ യുപി വിഭാഗത്തിനുമാണ് നൽകിയത്.

“വളർന്നുവരുന്ന കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുസ്തകങ്ങൾ കുട്ടികൾക്ക് നൽകിയത്. 1993 എസ്.എസ്.എൽ.സി ബാച്ചിലെ വിദ്യാർത്ഥികൾ ധനസമാഹരണം നടത്തിയാണ് പുസ്തകങ്ങൾ വാങ്ങിയത് ജോഷി തോമസ് പറഞ്ഞു. ചടങ്ങിൽ എൺപത് ഓളം പൂർവ്വ വിദ്യാർത്ഥികളും അൻപത് ഓളം പൂർവ്വ അധ്യാപകരും പങ്കെടുത്തു. ഇതോ ടൊപ്പം അധ്യാപകരെ ആദരിക്കുക യും ചെയ്തു. കുരിയാച്ചൻ പൈമ്പള്ളികുന്നേൽ, ഫാദർ തോമസ് ആമക്കാട്ട്, പി ടി എ പ്രസിഡന്റ് സീമ സനോജ്, പ്രധാനാധ്യാപകൻ ജോഷി തോമസ് എന്നിവർ സംസാരിച്ചു.

## എഡിറ്റോറിയൽ

### ഇല വളരട്ടെ, പൂക്കളും കായ്കളും

മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമായ ഘടകമാണ് പ്രകൃതി. . മനുഷ്യനും പ്രകൃതിക്കും ജൈവികമായ ഒരു രീതിയുണ്ട് ആ രീതി അതിന്റെ സമ്പൂർണതയിൽ എത്തുമ്പോഴാണ് മനുഷ്യനും പ്രകൃതി ക്കും പൂർണ്ണമായ ഫലം അനുഭവവേദ്യമാകുന്നത്. ഒരുവനെ അവന്റെ പൂർണ്ണതയിൽ എത്തിക്കുന്നത് സർഗാത്മകത ആണെങ്കിൽ പ്രകൃതിയെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നത് പ്രകൃതിയോടിണങ്ങി ജീവിക്കലാണ്. ഒരു വ്യക്തിയുടെ വ്യത്യസ്തമായ ഓരോ കഴിവുകളെ വളർത്തിയെടുക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം. ഓരോ കഴിവുകളും മനുഷ്യനിൽ ഓരോ അനുഭവങ്ങൾ സൃഷ്ടിക്കുന്നു.

കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് ഒരു വ്യക്തിയുടെ ബാല്യമാണ്. ചെറുപ്പകാലത്തു നമുക്ക് ലഭിക്കുന്ന അവസരങ്ങൾ നാം എന്ന വ്യക്തിയെ സൃഷ്ടിക്കുന്നു. കുട്ടികളിലെ കലാപരമായ സമഗ്ര വളർച്ചയെ ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 'ഇല'. എൻഹാൻസിങ് ലേണിങ് ആമ്പിയൻസ് എന്ന ഈ പ്രോഗ്രാം കുട്ടികളുടെ കഴിവുകളെ വളർത്തിയെടുക്കാൻ ആണ് സഹായിക്കുന്നത്. ഓരോ മനുഷ്യന്റെയും മികവുറ്റ കഴിവുകളെ വളർത്തി പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാനും ഇത് കുട്ടികളെ പഠിപ്പിക്കുന്നു.

പ്രകൃതി മനുഷ്യനു കനിഞ്ഞു നൽകിയ കഴിവുകളെ ആർജ്ജിച്ചെടുക്കാനും അവയെ സ്നേഹിച്ചു ജീവിക്കാനും ഈ പദ്ധതി നമ്മെ പഠിപ്പിക്കുന്നുണ്ട്. ജീവിത വിജയം നേടുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തന്നെയാണ് കുട്ടികളിലെ കലാ പരിപോഷണത്തിന് സമഗ്ര വളർച്ചയ്ക്കുമുള്ളത്. ഓരോ കഴിവും തന്റെ ഉള്ളിൽ കിടക്കുന്ന കലയെ ഉണർത്തുന്നതിനോടൊപ്പം അവന്റെ ജീവിതത്തിൽ കലയോടുള്ള സ്നേഹവും ഉണർത്തുന്നു. ഇതിലൂടെ പ്രകൃതിദത്തമായ വളർച്ചയെ ആണ് വളർത്തിയെടുക്കുന്നത്. പ്രകൃതിയെ ആശ്രയിച്ചു ജീവിക്കുന്നവർ ആണ് നാം. സർവ്വ ജീവജാലങ്ങളും പരസ്പരം താങ്ങായും തണലായും നിൽക്കുന്നത് തന്നെയാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നിയന്ത്രിക്കുന്നതും നമ്മുടെ അതിജീവനത്തിന് കാരണമാകുന്നതും.

പ്രകൃതിയിൽ നിന്ന് വന്ന് പ്രകൃതിയിലേക്ക് മടങ്ങേണ്ടവരാണ് നാം. ഈ താൽക്കാലികമായ യാത്രയിൽ നാം പ്രകൃതിയുടെ ഗുണഭോക്താക്കൾ ആകുന്നു. ഇന്ന് വിഷമുക്തമായ ഒന്നും തന്നെ നമുക്ക് ലഭ്യമല്ല. മാറുന്ന ജീവിതശൈലിയും സംസ്കാര വും മനുഷ്യനെ പ്രകൃതിയിൽ നിന്നും അകറ്റി. അത്മൂലം രോഗങ്ങൾക്ക് അടിമകളായ ഒരു ജനത ആയി നാം മാറിക്കൊണ്ടിരിക്കുന്നു. പുതുതലമുറയിൽ അറിവിന്റെ പ്രകാശം നൽകുകയാണ് നമുക്ക് ചെയ്യാനാവുന്ന കാര്യം.

പ്രകൃതിയെ ചൂഷണം ചെയ്തും ലാഭേച്ഛ മാത്രം മുന്നിൽ കണ്ട് നാം പടുത്തുയർത്തിയ ഈ പുതിയ ലോകം വരും തലമുറക്ക് ഒരു വിധത്തിലും ഉത്തമമല്ല. പ്രകൃതി യോട് ഇണങ്ങി ജീവിക്കലാണ് ഇതിനുള്ള പരിഹാരം. പ്രകൃതിയിൽ നിന്ന് നമുക്ക് ലഭിക്കുന്നതെല്ലാം പ്രകൃതിക്കു തന്നെ നാം തിരിച്ചുകൊടുക്കേണ്ടതുണ്ട്. വരും തലമുറക്ക് ഇതിനായി വേണ്ടത് പ്രചോദനമാണ്. പ്രകൃതി എന്താണെന്നും എങ്ങനെയാണ്

ജീവിക്കേണ്ടതെന്നും നമ്മുടെ കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. നാളേക്കായി സ്വരുക്കൂട്ടാനും ഇന്നിനെ സംരക്ഷിക്കാനും മുതിർന്നവരായ നമ്മൾ മുൻകൈ എടുക്കേണ്ടതാണ്.

-എഡിറ്റർ-

# ജോസ്‌ലെറ്റ് സാറിന്റെ ഏദൻതോട്ടം

*പി.വി.മേഘ*





''വിളകൾ വളർത്തിയെടുക്കുക എന്നത് മാത്രമല്ല കൃഷി, സംസ്കാരസമ്പന്നരായ ഒരു ജനതയെ വളർത്തിയെടുക്കുക എന്നത് കൂടിയാണിത്'' എന്ന ഒറ്റവൈക്കോൽ വിപ്ലവത്തിന്റെ ആചാര്യൻ മസുനോബു ഫുക്കുവോക്കയുടെ ആശയം കടമെടുത്ത് സ്വന്തം മണ്ണിൽ പൊന്നു വിളയിക്കുകയാണ് സെന്റ്ജൂഡ് സ്വദേശിയും കൂത്തുപ്പറമ്പ് നിർമ്മലഗിരി കോളേജ് മുൻപ്രിൻസിപ്പാളുമായ ജോസ് ലെറ്റ് മാത്യു.

എനിക്ക് കൃഷി എന്നാൽ എന്റെ ജീവവായു പോലെയാണ്. അത്രമാത്രം ഞാൻ അതിനെ സ്നേഹിക്കുന്നുവെന്ന്പറഞ്ഞു കൊണ്ട് സ്വന്തം വീട്ടിൽ ഒരു ഏദൻതോട്ടം തന്നെ ഇദ്ദേഹം ഒരുക്കിയിരിക്കുന്നു.

പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ച കാലത്തെ സമ്മർദ്ദം അകറ്റാൻ തുടങ്ങിയതാണ് കൃഷി. ആ കൃഷിത്തോട്ടം നാൽക്കാലി കളും വിവിധയിനം പഴങ്ങളും പച്ചക്കറികളും കൊണ്ട് ഇന്ന് സമൃദ്ധം ആണ്. വിവിധ ഇനം പച്ചക്കറികളും കായ്കനികളും നിറഞ്ഞുനിൽക്കുന്ന ഏദൻതോട്ടം മനുഷ്യന്റെ കണ്ണിനു കുളിർമ നൽകുന്ന കാഴ്ചയാണ്. കൃഷി എന്നത് വെറും നടീലും വിളവെടുപ്പും മാത്രമല്ല ഒരു ജനതയു ടെ സംസകാരം ആണെന്ന്ജോസ്‌ലെറ്റ് സാർ പറയുന്നു.

കൃഷിത്തോട്ടത്തിൽ എനിക്ക് വിഷം വിളമ്പാൻ താല്പര്യമില്ല അതിനാൽതന്നെ ചാണകം കോഴിവളം പച്ചിലവളം എന്നിവയാണ് വളമായി ഉപയോഗിക്കുന്നത് . വിഷരഹിതമായ പച്ചക്കറി എന്ന ആശയമാണ് തന്റെ കൃഷിത്തോട്ടത്തിലൂടെ ഇദ്ദേഹം കൈമാറുന്നത്. റിട്ടയർമെന്റിലെ ഒരു നിമിഷം പോലും വെറുതെ കളയാൻ ഇല്ലാത്തത് കൊണ്ടു തന്നെ ഓരോ ദിവസവും കൂടുതൽ ഉത്സാഹത്തോടെ കൃഷിയിലേക്ക് വ്യാപൃതനാവുകയാണ് ഇദ്ദേഹം.

കൃഷി ആഘോഷമാണ് അത് മനസ്സിന് കൂടുതൽ ഉന്മേഷം നൽകുന്നു . പണത്തിനപ്പുറം പ്രകൃതിയിൽ നിന്ന് നാം എടുക്കുന്നതെല്ലാം പ്രകൃതിക്ക് തന്നെ തിരിച്ചു കൊടുക്കണമെന്നുള്ള കൊച്ചു വാശി കൂടിയാണ് അദ്ദേഹത്തിന്റെ കൃഷിത്തോട്ടം. രണ്ടേക്കർ കൃഷിത്തോട്ടത്തിൽ ഇന്ന് ഇല്ലാത്തതായി ഒന്നുമില്ല. 30 ഇനത്തിലധികം പച്ചക്കറികൾ, 25 ഇനം പഴവർഗ്ഗങ്ങൾ, 12 ഇനം വാഴകൾ തുടങ്ങി കൈപിടിയിൽ ഒതുങ്ങുന്നതെല്ലാം തന്നെ ഇവിടെ കൃഷി ചെയ്യപ്പെടുന്നു എന്ന് ജോസ്‌ലെറ്റ് സാർ പറയുന്നു.

മികച്ച കർഷകൻ എന്ന പോലെ വിദ്യാർത്ഥികൾക്കും ഏറെ പ്രിയങ്കരനാണ് ജോസ് ലെറ്റ് മാത്യു എന്ന അവരുടെ മുൻ പ്രിൻസിപ്പാൾ. കുട്ടികൾക്കൊപ്പം അവരിൽ ഒരാളായി അവരെ വഴി നടത്തികൊണ്ടു പോവുകയാണദ്ദേഹം. അതിനാൽ തന്നെ പീസ് ആൻഡ്ഹാർമണി നൽകുന്ന മികച്ചപ്രിൻസിപ്പാളിനുള്ള പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

തന്റെ കൃഷിയിടത്തിലെ മികവുകൊണ്ട് ധാരാളം അവാർഡുകൾ ജോസ്‌ലെറ്റ് മാത്യു നേടിയെടുത്തു. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017ലെ സമ്മിശ്ര കർഷക അവാർഡ്, ജില്ലാതല മികച്ച ജൈവകർഷക നുള്ള സരോജനി - ദാമോദരൻ ഫൗണ്ടേ ഷന്റെ അക്ഷശ്രീ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. കൃഷിയിൽ ഇദ്ദേഹത്തെ സഹായിച്ചു കൊണ്ട് ഭാര്യ ഡോക്ടർ ടെസ്സിയും മകൾ ഡോറിയും സജീവ സാന്നിധ്യമാണ്.

# എൻഹാൻസിങ് ലേർണിംഗ് ആംബിയൻസ് പ്രോഗ്രാമിന് തുടക്കം കുറിച്ചു

*ജോയ്സ് മേരി ജോർജ്*



*ഇലയുടെ വർക്ക്ഷോപ്പിൽ നിന്ന്*

അങ്ങാടിക്കടവ് : കുട്ടികളിൽ സർഗാത്മക ശേഷി വളർത്താനുള്ള എൻഹാൻസിങ് ലേർണിംഗ് ആംബിയൻസ് 'ഇല' പരിപാടിക്ക് സേക്രഡ് ഹാർട്ട് യു.പി സ്കൂളിൽ തുടക്കം കുറിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഗ്രാമപഞ്ചയാത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ, 'ഇല' (എൻഹാൻസിങ് ലേർണിംഗ് ആംബയിൻസ്) യുടെ ഉത്ഘാടനം നിർവഹിച്ചു.

ഇരിട്ടി ബി ആർ സി യുടെ നേതൃത്വത്തിൽ കുട്ടികളിലെ കല പരിപോഷണം, ആസ്വാദനം, ചിത്രകലാ സൃഷ്ട്ടി തയ്യാറാക്കൽ തുടങ്ങി സമഗ്ര വളർച്ചയെ ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഇല. നാല്, ഏഴു ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ലക്ഷ്യംവെക്കുന്നത്. പത്തു ദിവസങ്ങളിലായി വിവിധ പ്രവർത്തങ്ങളിലൂടെ പൂർത്തീകരിക്കപ്പെടുന്ന പദ്ധതിയുടെ ഭാഗമായി പ്രശസ്ത സംവിധായകൻ റോബിൻസ് എം ഐസക്കിന്റെ നേതൃത്വത്തിൽ ഫിലിം വർക്ക് ഷോപ്പും നാടക പ്രസംഗ പരിശീലകൻ സജീവ് എം ഡി യുടെ നേതൃത്വത്തിൽ ഡ്രാമ വർക്ക് ഷോപ്പും നടത്തി.

ഡ്രാമ, ഫിലിം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി വിവിധ പരിപാടികളാണ് ഈ ദിനങ്ങളിൽ നടക്കുന്നത്. കഥ തിരക്കഥ എന്നിവ തയ്യാറാക്കൽ, അവതരിപ്പിക്കൽ, എഴുത്തുപരിശീലനം, വ്യത്യസ്ത ഗെയ്മുകൾ ഇവയെല്ലാം ഇതിന്റെ ഭാഗമായി നടക്കും.

സ്കൂൾ ഹെഡ്മിസ്ട്രസ് ഷൈനി മാത്യു, മദർ പി ടി എ പ്രസിഡന്റ് സീമ മനോജ്, സി ആർ കോഓർഡിനേറ്റർ കെ നയന, എസ് ആർ ജി കൺവീനർ നീതു വർഗീസ്, നിമിഷ ടി ജോസ് എന്നിവർ പ്രസംഗിച്ചു.

# എ. പി. എൽ : എടൂർ ജേതാക്കൾ

*അക്ഷയ് തിലകൻ*




*എ. പി. എൽ ജേതാക്കളായ ടീം ട്രാവൽ റൈറ്റ്സ് എടൂർ*

അങ്ങാടിക്കടവ് ഡോൺബോസ്കോ കോളേജ് ഗ്രൗണ്ടിൽ വച്ച് നടന്ന എ. പി. എൽ (അയ്യൻകുന്ന് പ്രീമിയർ ലീഗ്) ക്രിക്കറ്റ് ടൂർണമെന്റിൽ മിഹിക സി.സി അയ്യൻകുന്നിനെ പരാജയപ്പെടുത്തി ടീം ട്രാവൽ റൈറ്റ്സ് എടൂർ നാല് ഓവറിൽ എട്ടു വിക്കറ്റുകൾക്ക് വിജയികളായി.

അയ്യൻകുന്ന്, ആറളം, ഉളിക്കൽ, പായം എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നടന്ന ടൂർണമെന്റിൽ ആറു ടീമുകൾ പങ്കെടുത്തു. ഫൈനലിൽ എത്തിയ രണ്ടു ടീമുകൾക്കും 4500 രൂപ ക്യാഷ് പ്രൈസും ട്രോഫിയും മുഖ്യാതിഥിയായ ഡോൺ ബോസ്കോ കോളേജ്

പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് സമ്മാനിച്ചു. സെമി ഫൈനലിസ്റ്റുകൾക്ക് പ്രോത്സാഹന സമ്മാനവും നൽകി.

ടി സി വൈശാഖ്, എം കെ ബിജേഷ്, കെ എഫ് സുധീഷ്, ടി സനിത്ത്, പി എം ജ്യോതിഷ്, നിതിൻ ജോസഫ് എന്നീ ക്രിക്കറ്റ് പ്രേമികളായ ഒരു കൂട്ടം യുവാക്കൾ മുൻകൈ എടുത്ത് ഇന്ത്യൻ പ്രീമിയർ ലീഗ് (ഐ. പി. എൽ) മാതൃകയാക്കി നടത്തിയ ടൂർണമെന്റിൽ മേൽപറഞ്ഞ പഞ്ചായത്തുകളിൽ നിന്നുള്ള കളിക്കാരെ ലേലം വിളിച്ചാണ് ടീമുകൾ രൂപീകരിച്ചത്. നാട്ടിലെ യുവാക്കളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇത്തരം ടൂർണമെന്റുകളെ കൊണ്ട് ലക്ഷ്യമാക്കുന്നതെന്ന് ടൂർണമെന്റിന് നേതൃത്വം വഹിച്ച ടി സനിത്ത് പറഞ്ഞു.

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ജിനി ജോസഫ് | സബ് എഡിറ്റേഴ്സ്: അക്ഷയ് തിലകൻ, ജിസ്ന ഷിഫ, പി.വി മേഘ, ജോയ്സ് മേരി ജോർജ് | ഫോട്ടോഗ്രാഫേഴ്സ്: ജിസ്ന ഷിഫ, പി.വി മേഘ | ഡിസൈൻ: വി അനന്യ